പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3814

17.10.2011-ൽ മറുപടിയ്ക്കു്

**ശ്രീപത്മനാഭ സ്വാമി ക്ഷേത്ര ഭരണം-ഗുരുവായൂർ ക്ഷേത്രം മാതൃകയിൽ സംവിധാനം**

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. ആർ. സെൽവരാജ്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര ഭരണത്തിന് ഗുരുവായൂർ ക്ഷേത്രം മാതൃകയിൽ സംവിധാനം ഉണ്ടാക്കുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(സി) തിരുവിതാംകൂർ രാജകുടുംബത്തിന്റെ പ്രതിനിധികൾ കൂടി ഉൾക്കൊള്ളുന്ന, ഗുരുവായൂർ മാതൃകയിലുള്ള സംവിധാനം വ്യവസ്ഥ ചെയ്തുകൊണ്ടുള്ള നിയമനിർമ്മാണത്തിന് സുപ്രീം കോടതി വിധിയുടെ കൂടി അടിസ്ഥാനത്തിൽ ജനാധിപത്യപരമായി തീരുമാനം എടുക്കാൻ തയ്യാറാകുമോ?

(എ), (ബി), & (സി) ഒരു നിയമാനുസൃത ട്രസ്റ്റോ സമാനമായ സമിതിയോ രൂപീകരിച്ച് ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിനെതിരായി ഉത്രാടംതിരുനാൾ മാർത്താണ്ഡ വർമ്മ ബഹു. സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ ഹൈക്കോടതിയുടെ ഈ ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിക്കനുസൃതമായി സർക്കാർ തീരുമാനമെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ